പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 841 — 05.02.2020-ലെ മറുപടിയ്ക്ക്

വനഭൂമി കൈയേറ്റം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നിലവിൽ എത്ര ഏക്കർ വനഭൂമി വീണ്ടെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | പുതുതായുണ്ടാകുന്ന കയ്യേറ്റശ്രമങ്ങൾ അപ്പപ്പോൾ തടയുകയും പുതിയ കയ്യേറ്റങ്ങൾ ഉടനടി ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുമുണ്ട്. 01.01.1977 ന് ശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസുകളിൽ 04.09.15 - ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാർക്ക് സമയപരിധിവച്ച് ഒഴിഞ്ഞ് പോകാൻ നോട്ടീസുകൾ നൽകി വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ. (എം.എസ്) നമ്പർ 69/2002/വനം തീയതി 08.11.2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ (എം. എസ്) 15/03/വനം തീയതി 06.03.2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി യോഗം കൂടി കയ്യേറ്റം ഒഴിപ്പിച്ച് വനഭൂമി തിരിച്ചു പിടിക്കുവാനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈയ്യേറിയ വനഭൂമി തിരിച്ചുപിടിച്ചിട്ടുള്ളതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | വനഭൂമി കൈയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിര ജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ പരിഹാരം. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15,533 - കിലോമീറ്ററോളം വനാതിർത്തി 31.03.2019 വരെ ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 01.04.2019 -ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ അവശേഷിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ 12,500 ജണ്ടകൾ (ഉദ്ദേശം 550 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന ഉദ്ദേശം 763 കി.മീറ്റർ വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2-3 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകിയിട്ടുള്ളതാണ്.<br>കൂടാതെ 04.04.2016-ലെ G.O(P)No 290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയെല്ലാം പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

File No.FWLD-C1/22/2020-FWLD

അനുബന്ധം

| ക്രമ നം. | സർക്കിൾ | തിരിച്ചു പിടിച്ച കയ്യേറിയ വനഭൂമി (ഏക്കർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 2.0302 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 13.8551 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 0.4776 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 464.0577 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 39.5096 |
| 6 | എ.ബി.പി, തിരുവനന്തപുരം | 0 |
| 7 | ഫീൽഡ് ഡയറക്ടർ, കോട്ടയം | 0 |
| 8 | വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 3.0000 |
| | ആകെ | **522.9302** |

സെക്ഷൻ ഓഫീസർ